# പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1796

05/12/2014-ൽ മറുപടിക്ക്

കുടുംബശ്രീ മിഷന്റെ കീഴിൽ മാധ്യമ പരിശീലനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ചെന്താമരാക്ഷൻ | ഡോ.എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി ) |
| (എ) കുടുംബശ്രീ മിഷന്റെ കീഴിൽ നടക്കുന്ന മാധ്യമ സംബന്ധമായ പ്രൊഡക്ഷൻ, കൺസൾട്ടൻസി പരിശീലനം തുടങ്ങിയ പ്രവർത്തനങ്ങൾ ഒരു സ്വകാര്യ ഏജൻസിയെ ഏൽപ്പിച്ചുകൊണ്ട് തീരുമാനം എടുത്തിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഇത് സംബന്ധമായി സർക്കാർ തലത്തിൽ എടുത്ത തീരുമാനങ്ങൾ വിശദമാക്കാമോ; കുടുംബശ്രീക്ക് ചാനൽ ആരംഭിക്കുന്നതിനുള്ള നയപരമായ തീരുമാനം കൈക്കൊള്ളുന്നത് എപ്പോഴാണ്; ഇതു സംബന്ധമായി പുറപ്പെടുവിച്ച ഗവ.ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ; | (ബി) ഇതു സംബന്ധിച്ച് സർക്കാർ തലത്തിൽ തീരുമാനമെടുത്തിട്ടില്ല. കുടുംബശ്രീക്ക് ചാനൽ ആരംഭിക്കുന്ന കാര്യം തീരുമാനിച്ചിട്ടില്ല. |
| (സി) സംസ്ഥാനത്താകെ മാധ്യമ പരിശീലനം നല്കാൻ തീരുമാനം എടുത്തിട്ടുണ്ടോ; ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (സി) തെരഞ്ഞെടുക്കപ്പെട്ട കുടുംബശ്രീ അംഗങ്ങൾക്ക് പരിശീലനം നൽകുന്നതാണ്. ഇതിനായി പ്രാഥമിക ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു വരുന്നു. |
| (ഡി) കുടുംബശ്രീക്ക് ചാനൽ തുടങ്ങാനും മാധ്യമ പരിശീലനത്തിനും മറ്റുമായി പ്രതീക്ഷിക്കുന്ന മൊത്തം ചെലവ് എത്ര; ഇത് ഏത് നിലയിൽ സമാഹരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ? | (ഡി) മാധ്യമ ചാനൽ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടില്ല. മാധ്യമ പരിശീലനത്തിന് 60 ലക്ഷം രൂപ ചെലവു വരുന്നതാണ്. ഇത് പ്ലാൻഫണ്ടിൽ നിന്നും ചെലവഴിക്കാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ